## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി ഷൂജാസലാം.എ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരിയ്ക്കെ ശൂന്യവേതനാവധിയിലായിരുന്ന 10.09.2012 മുതൽ 21.04.2013 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം. **863**/ 2016/തസ്വഭവ തീയതി, തിരുവനന്തപുരം **26/02/2016**

---

പരാമർശം: 1) ശ്രീമതി ഷൂജാസലാം.എ സമർപ്പിച്ച 23.02.2015 ലെ ശൂന്യവേതനാവധിയപേക്ഷ

2) പഞ്ചായത്ത് ഡയറക്ടറുടെ 16.07.2015 ലെ ഇ 5-21011/15 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി ഷൂജാസലാം.എ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരിയ്ക്കെ സേവനത്തിൽ നിന്നും വിട്ട് നിന്ന 10.09.2012 മുതൽ 21.04.2013 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിയ്ക്കണമെന്നാവശ്യപ്പെട്ട് പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി ഷൂജാസലാം.എ മുന്നിയൂർ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്കായിരിയ്ക്കെ സേവനത്തിൽ നിന്നും വിട്ട് നിന്ന 10.09.2012 മുതൽ 21.04.2013 വരെയുള്ള ഹാജരില്ലായ്മക്കാലയളവ് കെ എസ് ആർ ഭാഗം 1, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക് പരിഗണിയ്ക്കുകയില്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി. എസ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്. (പഞ്ചായത്ത് ഡയറക്ടർ മുഖേന).
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്, കോഴിക്കോട് (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി ഷൂജാസലാം.എ , സീനിയർ ക്ളാർക്ക്,പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസ്, കോഴിക്കോട്. (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ധനവകുപ്പ് ( 30.11.2015 ലെ ഇ-149258/ആർബി2/15/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ